ഭരണഭാഷ-മാതൃഭാഷ

**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**മൃഗസംരക്ഷണ വകുപ്പ് - ഡയറക്ടറേറ്റ് -തിരുവനന്തപുരം**

**(ഹാജർ: ആസിഫ് കെ യൂസഫ് ഐ എ എസ്)**

മൃഗസംരക്ഷണവകുപ്പ് ഡയറക്ടറേറ്റ് - ഇടുക്കി ജില്ല- കുടയത്തൂർ വെറ്ററിനറി ഡിസ്പെൻസറിയിലേയ്ക്ക് ഇടുക്കി, വെള്ളയാംകുടി മൊബൈൽ വെറ്ററിനറി ഡിസ്പെൻസറിയിലെ പാർട്ട് ടൈം സ്വീപ്പർ തസ്തിക പുനർവിന്യസിച്ച് ഉത്തരവാകുന്നു.

| | |
|---|---|
| നമ്പർ - AHD/1647/2025-B2 | തീയതി:14-03-2025 |

പരാമർശം: 1) ഇടുക്കി ജില്ല മൃഗസംരക്ഷണ ഓഫീസറുടെ 25/02/2025 ലെ DAHO/IDK/1478/2024-F നമ്പർ കത്ത്

2) 10/04/2007 ലെ ജി ഒ (എം എസ്) 55/07/AD നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ കുടയത്തൂർ വെറ്ററിനറി ഡിസ്പെൻസറിയിലെ സ്വീപ്പിംഗ് ഏരിയ 112.93 മീറ്റർ സ്ക്വയർ ആണെന്നും സ്ഥാപനത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക അനുവദിച്ചിട്ടില്ലാത്തതിനാൽ കുടുംബശ്രീ മുഖേന ക്യാഷ്വൽ സ്വീപ്പറെയാണ് നിയമിച്ചു വരുന്നതെന്നും ഇടുക്കി ജില്ലയിലെ വെള്ളയാംകുടി മൊബൈൽ വെറ്റിനറി ഡിസ്പെൻസറിയിലെ പാർട്ട് ടൈം സ്വീപ്പർ തസ്തിക കുടയത്തൂർ വെറ്റിനറി ഡിസ്പെൻസറിയിലേക്ക് പുനർവിന്യസിച്ച് നൽകാവുന്നതാണെന്നും പരാമർശം (1) പ്രകാരം അറിയിച്ചിട്ടുണ്ട്. ടി പുനർവിന്യാസം വെള്ളയാംകുടി മൊബൈൽ വെറ്റിനറി ഡിസ്പെൻസറിയുടെ പ്രവർത്തനത്തെ യാതൊരുവിധത്തിലും ബാധിക്കുകയില്ലെന്നും ഇടുക്കി ജില്ലാമൃഗസംരക്ഷണ ഓഫീസർ അറിയിച്ചിട്ടുണ്ട്. അർഹമായ സ്ഥാപനങ്ങളിലേയ്ക്ക് വകുപ്പ് ഡയറക്ടർക്ക് തന്നെ പാർട്ട് ടൈം സ്വീപ്പർ തസ്തികകൾ പുനർ വിന്യസിച്ച് നൽകാവുന്നതാണെന്ന് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പരാമർശം (1) ശിപാർശ പ്രകാരം ലഭ്യമാക്കിയ കുടയത്തൂർ വെറ്റിനറി ഡിസ്പെൻസറിയിലെ സ്വീപ്പിംഗ് ഏരിയ സർട്ടിഫിക്കറ്റും പ്രൊപ്പോസലും വിശദമായി പരിശോധിച്ചതിൽ നിന്നും ടി പുനർവിന്യാസം നടത്താവുന്നതാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

**മേൽ സാഹചര്യത്തിൽ ഇടുക്കി, വെള്ളയാംകുടി, മൊബൈൽ ഡിസ്പെൻസറിയിലെ പാർട്ട് ടൈം സ്വീപ്പർ തസ്തിക ഇടുക്കി ജില്ലയിലെ കുടയത്തൂർ വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് പുനർവിന്യസിച്ച് ഉത്തരവാകുന്നു.**

Signed by
Asif K Yusuf
Date: 14-03-2025 16:56:14

**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

1) ജില്ല മൃഗസംരക്ഷണ ഓഫീസർ (ഇടുക്കി)
2) IT സെക്ഷൻ ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
3) J സെക്ഷൻ (അറിവിലേയ്ക്കായി)
4) സ്റ്റോക്ക് ഫയൽ ( ബി സെക്ഷൻ)